പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ 311

13.10.2011 ൽ
മറുപടിയ്ക്ക്

## അരി കയറ്റുമതിമൂലമുണ്ടായ വിലവർദ്ധന

**ചോദ്യം**

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ :
ശ്രീ. വി. ചെന്താമരാക്ഷൻ ;
ശ്രീ. കെ.കെ.ജയചന്ദ്രൻ ;
ശ്രീ. സി. കൃഷ്ണൻ ;

എ) കമ്പോളത്തിൽ അരിവില ഗണ്യമായി വർദ്ധിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

ബി) കേന്ദ്രസർക്കാർ അരികയറ്റുമതിക്ക് അനുമതി നൽകിയത് അരിവില പെട്ടെന്ന് വർദ്ധിക്കുന്നതിന് കാരണമായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

സി) പ്രസ്തുത നടപടി മൂലം അരിവില വർദ്ധിക്കാനിടയായതിനെക്കുറിച്ചുള്ള സംസ്ഥാന സർക്കാർ നിലപാട് കേന്ദ്രസർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

ഡി) വില വർദ്ധിച്ച സാഹചര്യത്തിൽ ജനങ്ങൾക്ക് ആശ്വാസം നൽകാനുള്ള പുതിയ നടപടി എന്താണ് ?

**ഉത്തരം**

ശ്രീ. റ്റി.എം. ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) അരിവില ഗണ്യമായി വർദ്ധിച്ചിട്ടില്ല.കഴിഞ്ഞ ഒരു മാസത്തെ പൊതുവിപണിയിലെ വില പരിശോധിച്ചാൽ അരി, പയർ വർഗ്ഗങ്ങൾ, പഞ്ചസാര, ഭക്ഷ്യ എണ്ണ എന്നിവയുടെ വില നേരിയ തോതിൽ കുറയുകയോ മാറ്റമില്ലാതെ തുടരുകയോ ആണെന്ന് കാണാവുന്നതാണ്.

ബി) & സി)

കയറ്റുമതി അനുവദിച്ചത് വഴി വിലക്കയറ്റം ഉണ്ടായതായി കരുതുന്നില്ല.

ഡി) സപ്ലൈകോയുടെ വിവിധ ഔട്ട് ലെറ്റുകൾ വഴി 13 ഇനം അവശ്യസാധനങ്ങൾ കഴിഞ്ഞ 5 വർഷത്തിലേറെയായി ഒരേ വിലയ്ക്ക് തന്നെ വിറ്റുവരുന്നുണ്ട്. കൂടാതെ ഈ ഓണക്കാലത്ത് മാവേലി സ്റ്റോറുകൾ, കോർപ്പറേഷനുകളിൽ ഓണം ബസാറുകൾ, അസംബ്ലി മണ്ഡലം അടിസ്ഥാനത്തിൽ ഓണച്ചന്തകൾഎന്നിവ മുഖാന്തിരം അവശ്യവസ്തുക്കൾ ന്യായവിലയ്ക്ക് നൽകിയിരുന്നു. സംസ്ഥാനത്തെ എ.പി.എൽ കാർഡ് ഉടമകൾക്കും ചില നിബന്ധനകൾക്ക് വിധേയമായി കിലോയ്ക്ക് 2 രൂപാ നിരക്കിൽ അരിയും ഗോതമ്പും നൽകി വരുന്നു. 2011 സെപ്റ്റംബർ മാസം മുതൽ സംസ്ഥാനത്തെ ബി.പി.എൽ/എ.എ.വൈ കുടുംബങ്ങൾക്ക് കിലോഗ്രാമിന് 1 രൂപാ നിരക്കിൽ യഥാക്രമം 25 കി.ഗ്രാമും 35 കി.ഗ്രാമും വീതം അരി വിതരണം ചെയ്യുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആയത് തുടർന്ന്

വരുന്നു. ഇതിലേയ്ക്കായി 2011-12 വർഷത്തിൽ 646.83 കോടി രൂപ സബ്സിഡിയിനത്തിൽ ചെലവ് പ്രതീക്ഷിക്കുന്നു. ഈ നടപടികൾ വിലവർദ്ധനയിൽ നിന്ന് ജനങ്ങൾക്ക് ആശ്വാസം നൽകുന്നുണ്ട്.

സെക്ഷൻ ഓഫീസർ